(ബി) അപകടങ്ങൾക്ക് മുഴുവൻ കാരണവും റോഡിന്റെ തകരാറാണെന്ന് പറയുന്നത് ശരിയല്ല.

(സി) പസ്തുത റോഡിന്റെ റീ-ടാറിംഗ്, ഓട നിർമ്മാണം എന്നീ ജോലികൾക്ക് ടെണ്ടർ വിളിച്ചിട്ടുണ്ട്.

(ഡി) ടി റോഡ് ഇപ്പോൾ തന്നെ ഗതാഗതയോഗ്യമാണ്. മേൽപ്പറഞ്ഞ ജോലികൾ പൂർത്തിയാക്കുമ്പോൾ റോഡ് പൂർണ്ണമായും മെച്ചപ്പെടും

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

II അടിയന്തിര പ്രമേയം

റെവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടി ഓഫ് കേരള (ബോൾഷെവിക്)-ന്റെ വാഹന പ്രചരണ ജാഥയ്ക്ക് പെരുമ്പുഴ വച്ച് നൽകിയ സ്വീകരണ യോഗത്തിന് നേർക്ക് നടന്നതായി പറയപ്പെടുന്ന ആക്രമണം

മി. സ്പീക്കർ: 21-6-2000-ത്തിന് പെരുംപുഴവച്ച് റെവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടി ഓഫ് കേരള ബോൾ ഷെവിക്കിന്റെ വാഹന പ്രചരണ ജാഥയ്ക്ക് നൽകിയ സ്വീകരണയോഗത്തിൽ പങ്കെടുത്തവരുടെ നേർക്ക് നടന്നതായി പറയപ്പെടുന്ന ആക്രമണംമൂലം പ്രസ്തുത പ്രദേശത്ത് നിലനിൽക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് ചട്ടം 50 പ്രകാരം സഭാനടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ബാബു ദിവാകരൻ, പി.പി. തങ്കച്ചൻ, ചെർക്കളം അബ്ദുള്ള. തോമസ് ചാഴികാടൻ, ജോണിനെല്ലൂർ എന്നീ ബഹുമാനപ്പെട്ട മെംബർമാർ ചെയറിന് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ചുമതല വഹിക്കുന്നത് ശ്രീ. ടി. കെ. രാമകൃഷ്ണനാണ്.

9.30.A.M.]

മുഖ്യമന്ത്രിക്കുവേണ്ടി ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.ടി. കെ. രാമകൃഷ്ണൻ): സർ, കൊല്ലം ജില്ലയിലെ കുണ്ടറ പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട പെരുംപുഴ ജംഗ്ഷനിൽ റെവല്യൂഷിണറി സോഷ്യലിസ്റ്റ് പാർട്ടി ഓഫ് കേരള (ബോൾഷെവിക്)-ന്റെ വാഹന പ്രചരണ ജാഥയോടനുബന്ധിച്ച് ഇന്നലെ വൈകുന്നേരം ഒരു യോഗം നടന്നിരുന്നു. യോഗ സ്ഥലത്തേക്ക് പ്രവർത്തകരെ കൊണ്ടുവന്നിരുന്ന ഒരു വാഹനം ജംഗ്ഷനിലുണ്ടായിരുന്ന ഒരു സി.പി.ഐ.(എം) പ്രവർത്തകന്റെ ദേഹത്ത് തൊട്ടുരുമിപോയി. അഞ്ചാലുംമൂട് സ്ക്കൂളിൽ നടക്കുന്ന സി.പി.ഐ.(എം) പ്രവർത്തക യോഗത്തിൽ പങ്കെടുക്കാൻ വന്ന പ്രവർത്തകന്റെ ദേഹത്താണ് വാഹനം തട്ടിയത്. ഇതുസംബന്ധിച്ച് വാഹനത്തിലുള്ളവരുമായി വാക്കുതർക്കമുണ്ടായി. പൊതുയോഗസ്ഥലത്തുണ്ടായിരുന്ന ആർ.എസ്.പി.(ബി) പ്രവർത്തകർ പ്രശ്നത്തിലിടപെടുകയും സി.പി.ഐ.(എം) പ്രവർത്തകരെ മർദ്ദിക്കുകയും ചെയ്തു. ഈ അക്രമത്തിൽ പരിക്കുപറ്റിയ ശുചീന്ദ്രൻ,

LIBRARY ARCHIVES Kerala Legislative Assembly

വിക്രമൻ, തുളസീധരൻ, ഷാജി എന്നിവർ കൊല്ലത്ത് ശങ്കേഴ്സ് ആശുപത്രിയിൽ ചികിൽസയിൽ കഴിയുകയാണ്. സി.പി.ഐ.(എം) ലോക്കൽ കമ്മറ്റി സെക്രട്ടറിയായ ശുചീന്ദ്രന്റെ ഇടതു കൈയുടെ രണ്ട് എല്ലുകളും പൊട്ടിയിട്ടുണ്ട്. ഡി.വൈ.എഫ്.ഐ. നേതാവായ വിക്രമന്റെ തലയ്ക്ക് ഗുരുതരമായ പരിക്കേൽക്കുകയും കൈവിരൽ ഒടിയുകയും ചെയ്തിട്ടുണ്ട്. സംഭവത്തോട് അനുബന്ധിച്ച് ആർ. എസ്. പി. (ബി) പ്രവർത്തകനായ രവീന്ദ്രന് നിസ്സാരമായ പരിക്കുണ്ടായിട്ടുണ്ട്. സംഭവത്തോടനുബന്ധിച്ച് കുണ്ടറ പോലീസ് സ്റ്റേഷനിൽ ക്രൈം 362/2000-ാം നമ്പരായും 3/2000-ാം നമ്പരായും രണ്ടു കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. കൊല്ലം ജില്ലാ പോലീസ് സൂപ്രണ്ട് ഉൾപ്പെടെയുള്ള ഉന്നത പോലീസ് ഉദ്യോഗസ്ഥൻമാർ സംഭവ സ്ഥലത്ത് എത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് സംഘർഷമുണ്ടാകാതിരിക്കാനാവശ്യമായ പോലീസിനെ നിയോഗിച്ചിട്ടുണ്ട്. ഇപ്പോൾ സ്ഥിതിഗതികൾ തികച്ചും ശാന്തമാണ്. അതുകൊണ്ട് സഭാനടപടികൾ നിറുത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. ബാബു ദിവാകരൻ</u>: ബഹുമാനപ്പെട്ട ടി. കെ. രാമകൃഷ്ണനെ പോലുള്ള ഒരാൾക്ക് ഇങ്ങനെ എഴുതി വായിക്കേണ്ടി വന്നതിലുള്ള ഗതികേട് എനിക്ക് മനസ്സിലാകുന്നില്ല. ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെയും അഭിപ്രായ സ്വാതന്ത്ര്യത്തിന്റെയുമൊക്കെ അപ്പോസ്തലൻമാരായി നടക്കുന്ന ആളുകൾ ആർ.എസ്.പി.(ബി) എന്ന ഈ ഒരു കൊച്ചു രാഷ്ട്രീയ പ്രസ്ഥാനം നടത്തിയ ഒരു രാഷ്ട്രീയ വിശദീകരണ ജാഥയെ കല്ലുകൊണ്ടും കുറുവടികൊണ്ടും നേരിടാൻ ശ്രമിച്ചപ്പോൾ പാവം തൊഴിലാളി സഖാക്കൾക്ക് നേരിട്ട, അവിടെയുണ്ടായ ഗുരുതരമായ സ്ഥിതിവിശേഷമാണ് ഞാൻ ഈ സഭയിൽ അവതരിപ്പിക്കുന്നത്. ആർ.എസ്.പി.(ബി) എന്ന കൊച്ചു പ്രസ്ഥാനം ..... (ബഹളം).....നിയമസഭയിൽ ഇതിനെക്കാൾ ബഹളം ശ്രീ. എം. വി. രാഘവൻ ഉണ്ടാക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. ആർ.എസ്.പി.(ബി) എന്നു പറയുന്ന ഈ കൊച്ചു പ്രസ്ഥാനം കേരളത്തിലെയും ഇന്ത്യയിലെയും അദ്ധ്വാനിക്കുന്ന തൊഴിലാളിവർഗ്ഗത്തിന്റെ അവകാശ സമരങ്ങളിൽ നൽകിയിട്ടുള്ള പങ്കിനെക്കുറിച്ച് ശ്രീ. ടി. കെ. രാമകൃഷ്ണനടക്കമുള്ള നേതാക്കൾക്ക് തർക്കമുണ്ടാകാൻ വഴിയില്ല. (തടസ്സം) ബോൾ ഷെവിക് എന്ന് പറഞ്ഞാൽ നിങ്ങൾക്ക് മനസ്സിലാവുകയില്ല. മറ്റേതൊരു രാഷ്ട്രീയ പ്രസ്ഥാനം നൽകിയിട്ടുള്ളതിനെക്കാൾ വലിയ സംഭാവനകൾ നൽകിയിട്ടുള്ള ഒരു കൊച്ചു പ്രസ്ഥാനമാണ് ഞങ്ങളുടേത്. കഴിഞ്ഞ ഒരു വർഷത്തിലേറെയായി ഞങ്ങളുടെ പ്രസ്ഥാനത്തിൽ ചില അഭിപ്രായ വ്യത്യാസങ്ങളുണ്ടായി. പാർട്ടിയിലെ മഹാ ഭൂരിപക്ഷം വരുന്ന സാധാരണ തൊഴിലാളികളും ..... എന്തുകൊണ്ടാണ് ഈ രാഷ്ട്രീയ ജാഥ നടത്തേണ്ടിവന്നത്? അങ്ങനെയുള്ള സാഹചര്യത്തിൽ ശ്രീ. ബേബിജോണിന്റെ അനിഷേധ്യമായ നേതൃത്വം അംഗീകരിച്ചുകൊണ്ട് ഞങ്ങളുടെ പാർട്ടി ഒരു നിലപാട് സ്വീകരിച്ചു. ഞങ്ങൾ കൂടി വിയർപ്പ് ചീന്തി കെട്ടിപ്പടുത്ത ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽ നിന്ന് വിട്ട് ഐക്യജനാധിപത്യമുന്നണിയിൽ ചേരാനിടയായി. ഈ സാഹചര്യം ഞങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങളാക്കിയ ഈ രാജ്യത്തിലെ തൊഴിലാളികളോട്, സാധാരണക്കാരോട് വിശദീകരിക്കുകയെന്നുള്ള ഒരൊറ്റ ഉദ്ദേശമേ ഞങ്ങളുടെ ജാഥയ്ക്ക് ഉണ്ടായിരുന്നുള്ളൂ. ഞങ്ങൾ 9-ാം തീയതി കാസർകോഡുനിന്ന് ജാഥ ആരംഭിച്ചപ്പോൾ മുതൽ അസഹിഷ്ണുതയാണ്. ആക്രമവും അവിടെ നിന്ന് ആരംഭിച്ചു. കണ്ണൂരിൽ ഇരിട്ടിയിൽ സമാപന യോഗം കഴിഞ്ഞപ്പോൾ അൻപതോളം പ്രവർത്തകർ ഞങ്ങളെ വളഞ്ഞു. അവർ വന്ന് നടത്തിയ പേകൂത്തുകളെക്കുറിച്ച് ഞാൻ മറ്റൊരുവസരത്തിൽ പറയാം. ഇപ്പോൾ പറയുന്നില്ല. ഞങ്ങൾ വളരെ സംയമനം പാലിച്ചതുകൊണ്ട് അന്ന് അനിഷ്ട സംഭവങ്ങൾ ഒഴിവായി. ഞങ്ങൾ അന്നുതന്നെ ഡി.ജി.പി.ക്ക് കത്ത് കൊടുത്തു. ഞങ്ങൾ ഈ ജാഥയ്ക്ക് സംരക്ഷണം വേണമെന്നാവശ്യപ്പെട്ടു. അതിനുശേഷം കൊല്ലത്ത് എത്തുന്നതുവരെ എല്ലാ സ്ഥലങ്ങളിലും പോലീസിന്റെ സാന്നിദ്ധ്യം ഞങ്ങൾ കണ്ടു. ഇന്നലെയും കൊല്ലത്തായിരുന്നു ജാഥയുടെ സമാപനം. അവിടെ ഒരു പ്രശ്നവുമുണ്ടായില്ല. ഇന്നലെ രാവിലെ പാരിപള്ളിയിൽ നിന്നാരംഭിച്ച പടയണിഗ്രാമം ഓയൂർവഴി ഞങ്ങൾ കൊട്ടിയത്ത് എത്തുന്നതുവരെ ഒരു പ്രശ്നവുമുണ്ടായിരുന്നില്ല. ഞങ്ങളോടൊപ്പം പോലീസ് അനുധാവനം ചെയ്യുന്നുണ്ടായിരുന്നു. അതിനുശേഷം ആറു മണിക്ക് പെരുംപുഴയിൽ എത്തിയപ്പോൾ യോഗം ആരംഭിച്ച് സഖാവ് എ. വി. താമരാക്ഷൻ പ്രസംഗിക്കാൻ തുടങ്ങിയപ്പോൾ തൊട്ടടുത്ത് സ്കൂളിൽ നിന്ന് ഒന്നര ഇഞ്ച് കല്ല്..... എനിക്കറിയില്ല, ഇത്രയും നല്ല ,അളവൊത്ത കല്ല് അവർ എങ്ങനെ ശേഖരിച്ചതെന്ന്. അവർ തുരു തുരാ സ്റ്റേജിലേയ്ക്ക് കല്ലെറിയുകയായിരുന്നു. ഞങ്ങളുടെ പ്രവർത്തകർ ഞങ്ങൾക്ക് ചുറ്റും വലയംവച്ച് നിന്നതുകൊണ്ട് ഞങ്ങൾ രക്ഷപ്പെട്ടുവെന്ന് വേണമെങ്കിൽ പറയാം. എന്റെ തൊട്ട് മുമ്പിൽ നിന്ന് അഡ്വക്കറ്റ് ബലദേവൻ എറികൊണ്ടു വീണു. അതുകഴിഞ്ഞ് ചിന്നിച്ചിതറിയ പ്രവർത്തകരുടെയിടയിലേയ്ക്ക് കുറുവടിയും ചുരുട്ടി അവിടത്തെ അറിയപ്പെടുന്ന സി. പി.ഐ. (എം) പ്രവർത്തകരും ഡി.വൈ.എഫ്.ഐ. പ്രവർത്തകരും ആക്രോശിച്ചുകൊണ്ട് ഞങ്ങളോട് അടുക്കുമ്പോൾ ജീവൻ പണയം വച്ച് ഞങ്ങളുടെ പ്രവർത്തകർ തടഞ്ഞുകൊണ്ട് ഇന്നലെ കണ്ണൂരിൽ നടന്ന വികൃതരൂത്തൽ രാഷ്ട്രീയം കൊല്ലത്ത് ആരംഭിക്കാൻ കഴിയാതെ പോയി. അല്ലെങ്കിൽ ഇന്നലെ കൊല്ലത്ത് ആരംഭിക്കുമായിരുന്നു. സി. പി.ഐ. (എം) ന്റെ രാഷ്ട്രിയ ഹാസിസത്തിന്റെ യഥാർത്ഥ മുഖം ഞാൻ ഇന്നലെ അവിടെ കണ്ടു കഴിഞ്ഞു. ഈ രാജ്യത്ത് അഭിപ്രായ സ്വാതന്ത്ര്യമില്ല ? എന്താണ് ? ആർ.എസ്.പി.(ബി) എന്ന പ്രസ്ഥാനം ഇന്നും ഇന്നലെയുമല്ല അഭിപ്രായം പറയാൻ തുടങ്ങിയത്. ഒരു പക്ഷെ ഇവിടത്തെ ഡി.വൈ.എഫ്.ഐ. സുഹൃത്തുക്കൾക്ക് അറിയാൻ കഴിയുകയില്ല. സഖാവ് ടി. കെ. രാമകൃഷ്ണനറിയാം. അൻപത് വർഷത്തിലേറെയായി അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയുമായി ആശയ സംഘടനത്തിലൂടെ വന്ന പാർട്ടിയാണ് ഇത്. അതിലൂടെ തന്നെ നിൽക്കുന്ന പാർട്ടിയാണ് ഞങ്ങൾ. ബഹുമാനപ്പെട്ട ടി. കെ. രാമകൃഷ്ണൻ ആലോചിക്കണം. സഖാവ് പി. കൃഷ്ണപിള്ളയും, എ. കെ. ജി.-ഉം ഇ. എം. എസ്-ഉം എല്ലാം കല്ലും കുറുവടിയുമായിട്ടാണ് ഈ പ്രസ്ഥാനത്തെ കെട്ടിപ്പടുത്തത് ? അവർ പട്ടിണി കിടന്ന്, ത്യാഗങ്ങൾ സഹിച്ച് കെട്ടിപ്പടുത്ത ഒരു പാർട്ടി ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

കുറുവടിയും കല്ലുമായി രാഷ്ട്രീയ എതിരഭിപ്രായം പറയുന്നവരെ വകവരുത്താൻ പോകുന്ന ഈ ഗതികേടിലേയ്ക്ക് ഈ പ്രസ്ഥാനം എങ്ങനെയെത്തിയെന്ന് നിങ്ങൾ ആലോചിക്കണം. അവിടെ ഒരു മണിക്കൂറിലേറെ അങ്ങോട്ടുമിങ്ങോട്ടും സംഘർഷമായിരുന്നു.....(ബഹളം)..... ഞങ്ങളെ കൊല്ലാൻ വന്നാൽ കൈയും കെട്ടി നോക്കിനിൽക്കണോ പാവാൻ വേണ്ടി നിന്നുകൊടുക്കുന്ന സ്വഭാവം ഞങ്ങൾക്കില്ല. അത് ശ്രീ. പി. സി. ജോർജിന് അറിയുകയില്ല. ആർ.എസ്.പി.ക്കാരെ സി.പി.ഐ.ന് അറിയാം. നിങ്ങൾക്ക് നല്ലതുപോലെ അറിയില്ല. ഇങ്ങോട്ടു വന്നാൽ ഞങ്ങൾ വിടുന്നവരല്ല. അതിന് ഒരു സംശയവും വേണ്ട. ഞങ്ങൾ അങ്ങോട്ടു പോകാറുമില്ല. ഒരു മണിക്കൂർ കഴിഞ്ഞാണ് അവിടെ പോലീസ് എത്തിയത്. ഞാൻ അടുത്ത കടയിൽ കയറി കുണ്ടറ എസ്. പിയെ വിളിക്കുമ്പോൾ അയാൾ ചോദിക്കുകയാണ് ഇങ്ങനെ ഒരു സംഭവം നടന്നോ ? ഏതാനും നിമിഷങ്ങൾക്കകം എസ്.പി. അവിടെ വന്നു. എസ്. പി. യുമായിട്ട് ഞാൻ നേരിട്ട് സംസാരിച്ചുകൊണ്ടു നിൽക്കുമ്പോൾ ഞാൻ കൊല്ലം എസ്.പി.യെ സാക്ഷി നിർത്തുന്നു. 50-ഓളം അറിയപ്പെടുന്ന ******** ആക്രോശിച്ചുകൊണ്ട് ശ്രീ. ബാബുദിവാകരാ, ******** എന്ന് വിളിച്ചുകൊണ്ട് എന്നോടടുത്തു. എസ്. പി. കൈപിടിച്ചു നിർത്തിയതുകൊണ്ട് എന്നെ അവർ ആക്രമിച്ചില്ല. എസ്. പി. അല്ലാതെ വേറെ ഒരൊറ്റ പോലീസുകാരും അനങ്ങിയില്ല. എം. എൽ.എ. എന്നുള്ള നിലയിൽ എസ്.പിക്ക് എന്നെ രക്ഷിക്കേണ്ടി വന്നു. കൊല്ലത്ത് ജനിച്ചു വളർന്ന ജനപ്രതിനിധിയായ എനിക്ക് എസ്.പി.യുടെ സംരക്ഷണയില്ലാതെ അഭിപ്രായം പറയാൻ കഴിയുകയില്ലെങ്കിൽ ഈ രാജ്യത്തെ സ്ഥിതി എന്താണ് ? അവിടെ നിന്നും ഞങ്ങൾ പോലീസിന്റെ എസ്കോർട്ടോടു കൂടി അഞ്ചാലുംമൂട്ടിലെത്തി. അവിടെ യോഗം ആരംഭിച്ചപ്പോൾ മുന്നൂറ് ചുറ്റുമുള്ള കെട്ടിടങ്ങളുടെ മുകളിൽനിന്നും തുരുതുരാ കല്ലേറ് തുടങ്ങി. അഞ്ചാലുംമൂട് എല്ലാവർക്കും അറിയാവുന്ന പ്രധാനപ്പെട്ട ഒരു രാഷ്ട്രീയ കേന്ദ്രമാണ്. അവിടെ ആർ.എസ്.പി.(ബി)ക്ക് ഒരു യോഗം നടത്താൻ ആരുടേയും സഹായം വേണ്ട. ശ്രീ. വി.പി. രാമകൃഷ്ണപിള്ളയ്ക്കുമറിയാം. ചുറ്റുമുള്ള കെട്ടിടങ്ങളുടെ മുകളിൽനിന്നും അറിയപ്പെടുന്ന ഡി.വൈ.എഫ്.ഐ. പ്രവർത്തകർ കല്ലെറിയാൻ തുടങ്ങി. അതിൽ ആർക്കും മാരകമായ പരിക്കേറ്റുവെന്ന് അങ്ങ് പറഞ്ഞില്ലല്ലോ. ഈ കല്ലേറിലും സംഘർഷത്തിലും പരിക്കേറ്റ ഞങ്ങളുടെ അഡ്വ. ബാബുദേവ്, സഖാക്കളായ ശ്രീകുമാർ, വിനോദ്, ശാന്തി, ബാബു തുടങ്ങി എട്ട് പത്തുപേർ വിവിധ ആശുപത്രികളിൽ ചികിൽസയിലാണ് ഇതിനുശേഷം പെരുംപുഴയിലും പരിസരത്തും അഞ്ചാലുംമൂട്ടിലുമുള്ള ആർ.എസ്.പി.(ബി) പ്രവർത്തകരുടെ വീടുകളിലേയ്ക്ക് സി.പി.ഐ. (എം) പ്രവർത്തകർ സ്കൂട്ടറുകളിലും സൈക്കിളുകളിലുമായി വന്ന് മാരകായുധങ്ങൾ കാണിച്ച് കൊല്ലും കാലുവെട്ടുമെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തുകയാണ്. ഞങ്ങൾക്ക് ഒരു കാര്യമേ പറയാനുള്ളൂ ഈ രാഷ്ട്രീയ ഫാസിസത്തെ ഞങ്ങൾ കൈയും കെട്ടി നോക്കി നിൽക്കുകയില്ല.

****സാങ്കേതികമായ കാരണങ്ങൾ കൊണ്ട് നിന്നും നീക്കം ചെയ്തിരിക്കുന്നു. (എ.നം.810/EB/2000/lcg)

LIBRARY ARCHIVES Kerala Legislative Assembly

കൈയും കെട്ടി നോക്കി നിൽക്കുന്ന പ്രശ്നമില്ല. എല്ലാ ശക്തിയും സംഭരിച്ചു കൊണ്ട് ഞങ്ങൾ ഈ രാഷ്ട്രീയ ഫാസിസത്തെ ചെറുത്തു തോൽപിക്കും. കല്ലും കട്ടയും വേണ്ട, ആശയപരമായ സംഘട്ടനത്തിലൂടെ വളർന്നുവരുന്ന ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് ഇത് ലജ്ജാകരമായ നടപടിയാണ്. നിങ്ങൾ അവധാനതയോടുകൂടി ആലോചിക്കണം. ഒരു രാഷ്ട്രീയ പ്രസ്ഥാനത്തെ ആശയപരമായി നേരിടുന്നതിന് കല്ലും കുറുവടിയുമാണ് ആയുധമായി മാറ്റിയിരിക്കുന്നതെന്ന് നിങ്ങൾക്ക് തോന്നിയെങ്കിൽ എനിക്ക് നിങ്ങളോട് സഹതാപമാണ്. ശ്രീ. ടി. കെ. രാമകൃഷ്ണന് അറിയാം ഈ പ്രസ്ഥാനം കേരളത്തിലെ തൊഴിലാളിവർഗ്ഗ സമരം രചിച്ചിട്ടുള്ളത് എങ്ങനെയാണെന്ന്, അത് അസൂയയോടുകൂടി നോക്കികണ്ടിട്ടുള്ള ആളാണ് സഖാവ് ടി. കെ. രാമകൃഷ്ണനെന്ന് എനിക്കറിയാം. ശ്രീ. എം. വി. ജയരാജിനെ അറിയുകയില്ല. സഖാക്കളായ ശ്രീകണ്ഠൻനായർ, ടി.പി. ഗോപാലൻ, ടി.കെ. ദിവാകരൻ, ആർ.എസ്. ഉണ്ണി, ശ്രീ. ബേബിജോൺ ഇവരൊക്കെ കല്ലും കുറുവടിയും കൊണ്ട് വളർത്തിയതല്ല ഈ പ്രസ്ഥാനം. അതുകൊണ്ടുതന്നെ ഞാൻ പറയുന്നു അവിടെ ഗുരുതരമായ സ്ഥിതിവിശേഷമുണ്ട്. അവിടെ അരാജകത്വം കൊടികുത്തി വാഴുന്നു. സി.പി.ഐ.(എം) പ്രവർത്തകർ വീടുകൾതോറും കയറിയിറങ്ങുന്നു. അതുമൂലം ജനങ്ങൾ ഭയവിഹ്വലരാണ് കൊല്ലത്തും അഞ്ചാലുമൂട്ടിലും പെരുംപുഴയിലും വളരെ ഗുരുതരമായ സ്ഥിതിവിശേഷം നിലനിൽക്കുന്നതിനാൽ ഈ പ്രശ്നത്തെക്കുറിച്ച് സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, മാതൃഭൂമി പത്രത്തിലെ ഒരു റിപ്പോർട്ടാണ് ഞാൻ വായിക്കുന്നത്. അവരും അതിനെതിരെ പറയാൻ ഇടയില്ലെന്നതുകൊണ്ടാണ്. ആർ.എസ്.പി. (ബി)യുടെ ആക്ടിംഗ് സെക്രട്ടറി പ്രൊ. എ.വി. താമരാക്ഷൻ പ്രസംഗിച്ചുകൊണ്ട് നിൽക്കുന്നതിനിടയിൽ സ്കൂളിന്റെ പുറത്തേക്കിറങ്ങിയ സി. പി. ഐ(എം) പ്രവർത്തകന്റെ മേൽ ആർ.എസ്.പി.(ബി)യുടെ ജാഥയ്ക്കുവന്ന ഒരു കാർ മുട്ടിയതിനെത്തുടർന്നുണ്ടായ തർക്കമാണ് സംഘർഷത്തിൽ കലാശിച്ചതെന്നു പറയുന്നു. അവസാനം ആർ.എസ്.പി.(ബി) യുടെ വാഹനജാഥ സമാപനസ്ഥലമായ അഞ്ചാലുംമൂട്ടിലേയ്ക്ക് പോയി. സംഭവത്തിൽ പ്രതിഷേധിച്ച് സി.പി.ഐ. (എം) പ്രവർത്തകർ പെരുമ്പുഴയിലും അഞ്ചാലുംമൂട്ടിലും പ്രകടനം നടത്തി. യോഗസ്ഥലത്തുവച്ച് സംഘട്ടനം ഉണ്ടായതിനുശേഷം തൊട്ടടുത്ത പോയിന്റിലേയ്ക്ക് പോകുകയാണുണ്ടായത്. പോലീസിന്റെ സാന്നിദ്ധ്യത്തിൽ അവിടെ ക്രമസമാധാനം പുനഃസ്ഥാപിക്കപ്പെട്ടിട്ടുണ്ട്. യാതൊരു തർക്കവുമില്ല. അതുകൊണ്ട് സഭാനടപടികൾ നിർത്തി വച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല എന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിര പ്രമേയാവതരണത്തിന് ചെയർ അനുമതി നിഷേധിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : സ്പീക്കർ സർ, ശ്രീ. ബാബുദിവാകരൻ അടിയന്തിരപ്രമേയം അവതരിപ്പിച്ചുകൊണ്ട് കുണ്ടറയിൽ ഉണ്ടായ സംഭവവികാസങ്ങൾ വിശദീകരിച്ചു. കുണ്ടറ നിയോജകമണ്ഡലത്തിലെ പെരുംപുഴ അദ്ദേഹം അത് പറഞ്ഞപ്പോൾ അവിടെ ഉണ്ടായ കാര്യങ്ങളെ സംബന്ധിച്ച് പെട്ടെന്ന് അതിന്റെ പൂർണ്ണ അർത്ഥത്തിൽ എനിക്ക് മനസ്സിലായില്ല. ഇപ്പോൾ പിടികിട്ടി, കാരണം ശ്രീ. ബാബുദിവാകരൻ അസംബ്ലിയിൽ ഈ പ്രശ്നം ഉന്നയിച്ചപ്പോൾ അസംബ്ലിയിൽ ഇത്രയുമാണെങ്കിൽ അവിടെ എന്തൊക്കെ നടന്നുകാണുമെന്ന് ഊഹിക്കാവുന്നേയുള്ളൂ. നിങ്ങൾക്ക് ഒരു ക്ഷമയുമില്ലല്ലോ .....(ബഹളം)..... രാഷ്ട്രീയ അസഹിഷ്ണുത നിങ്ങളുടെ ജീവിത ശൈലിയായിട്ട് മാറിക്കഴിഞ്ഞു. മാർക്സിസ്റ്റുകാരുടെകൂടെ കൂടിയ മറ്റു കക്ഷികളുടേയും ശൈലി മാറിപ്പോയോ ? എന്തുപറ്റി നിങ്ങൾക്ക് ? മസിൽപവർ രാഷ്ട്രീയവും രാഷ്ട്രീയ അസഹിഷ്ണുതയും നിങ്ങളുടെ രാഷ്ട്രീയ പ്രവർത്തനത്തിന്റെ മാത്രമല്ല ജീവിതത്തിന്റെ തന്നെ ഭാഗമായി മാറിയിരിക്കുന്നു. അതാണ് ഇന്ന് അസംബ്ലിയിൽ കണ്ടത്. ഇവിടെ ശ്രീ. ബാബുദിവാകരൻ പ്രസംഗിച്ചു കൊണ്ടിരുന്നപ്പോൾ അപ്പുറത്തുനിന്ന് ശ്രീ. എം. വി. ജയരാജൻ ചോദിക്കുന്നത് കേട്ടു എന്തിനാണ് നിങ്ങൾ ശ്രീ. നായനാരെ ചീത്ത വിളിച്ചതെന്ന്. അപ്പോൾ ഈ രാജ്യത്തെ പ്രതിപക്ഷപാർട്ടികൾക്ക് മുഖ്യമന്ത്രി ഉൾപ്പടെയുള്ളവരുടെ തെറ്റ് വിമർശിക്കാൻ അധികാരമില്ലേ? അങ്ങനെ വിമർശിച്ചാൽ അവരെ കൈകാര്യം ചെയ്യുമെന്നുള്ള രാഷ്ട്രീയശൈലി ഈ സംസ്ഥാനത്ത് വളർന്നുവരുന്നത് ശരിയാണോ? ശ്രീ. ബാബുദിവാകരൻ ഞങ്ങളുടെ പ്രവർത്തകരെ ഞങ്ങളുടെ സഖാക്കളെ കല്ലെറിഞ്ഞ് മർദ്ധിച്ചുവെന്നു പറഞ്ഞപ്പോൾ അപ്പുറത്തുനിന്നും ചോദിച്ചത് നിങ്ങൾ എന്തിനാണ് ശ്രീ. നായനാരെ ചീത്തവിളിച്ചതെന്നാണ്. അപ്പോൾ മുഖ്യമന്ത്രിയെ കുറ്റപ്പെടുത്തിയാൽ ഭരണക്കാരെ കുറ്റപ്പെടുത്തിയാൽ നിങ്ങൾ കായികമായി കൈകാര്യം ചെയ്യുമോ. എന്ത് ജനാധിപത്യമാണ്. കേരളത്തിൽ വളർന്നുവരുന്ന രാഷ്ട്രീയ ഫാസിസം. ഈ ഭരണത്തിന്റെ തണലിൽ..... ഞാൻ 1970-ൽ അസംബ്ലിയിലേയ്ക്ക് വന്നതാണ്. അന്ന് എന്റെ കൂടെയുണ്ടായിരുന്ന എം.എൽ.എ.യെ തല്ലിച്ചതച്ച് ആശുപത്രിയിലേക്ക് അയച്ചത്, ഞാൻ കണ്ടതാണ് അതാണ് നിങ്ങളുടെ ശൈലി. കേരളത്തിൽ ഈ ഭരണത്തിന്റെ തണലിൽ വളർന്നു വരുന്ന രാഷ്ട്രീയ ഫാസിസത്തിന്റെ, രാഷ്ട്രീയമായ അസഹിഷ്ണുതയുടെ ഏറ്റവും ഒടുവിലത്തെ ഒരുദാഹരണമാണ് ഇന്നലെ അവിടെ ഉണ്ടായത്. ശ്രീ. ബാബുദിവാകരൻ ഈ നിയമസഭയിലെ ഒരു പുതിയ മെംബറല്ല. അദ്ദേഹം ഈ സഭയിൽ വന്നതിനുശേഷം നടത്തിയ പ്രസംഗങ്ങളെല്ലാം ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. ഇന്ന് സംസാരിച്ച നിലയിൽ വികാരാധീനനായി ശ്രീ. ബാബുദിവാകരൻ ഈ സഭയിൽ ഒരിക്കൽപ്പോലും പ്രസംഗിച്ചിട്ടില്ല.....

LIBRARY ARCHIVES Kerala Legislative Assembly

(ബഹളം).....(ബഹളം).....(ബഹളം).....(ബഹളം).....
ശ്രീ. ബാബുദിവാകരൻ ഇത്രമാത്രം നിഷ്ഠുരനായിത്തീരുമെന്നാണ് ?
.....(ബഹളം).....(ബഹളം)..... ശ്രീ. ബാബുദിവാകനെപ്പോലെയുള്ള
.....(ബഹളം).....(ബഹളം).....(ബഹളം).....

മി. സ്പീക്കർ : പ്ലീസ്.....(ബഹളം).....(ബഹളം)
.....പ്ലീസ്.....(ബഹളം).....(ബഹളം).....
(ബഹളം).....പ്ലീസ്.....(ബഹളം).....പ്ലീസ് ഹിയർ.....
(ബഹളം).....പ്ലീസ്.....(ബഹളം).....

ശ്രീ. എ. കെ. ആന്റണി : സാധാരണഗതിയിൽ ഈ സഭയിൽ എറ്റവും ശാന്തനാണ് ശ്രീ. ബാബുദിവാകരൻ.....(ബഹളം).....ബഹളം സഭയ്ക്കകത്തും പുറത്തും ഏറ്റവും ശാന്തനും സൗമ്യനുമായി മാത്രം കാണാറുള്ള ശ്രീ. ബാബുദിവാകരൻ ഇന്ന് ധാർമ്മികരോഷം കൊണ്ട് പൊട്ടിത്തെറിക്കുകയായിരുന്നു. എന്തുകൊണ്ട് അത് സംഭവിച്ചു സർ ?..... .....(ബഹളം).....(ബഹളം).....
അവരുടെ.....(ബഹളം).....

മി. സ്പീക്കർ : പ്ലീസ്.....(ബഹളം).....(ബഹളം).....
പ്ലീസ്, പ്ലീസ്.....(ബഹളം).....പ്ലീസ് ഹിയർ.....(ബഹളം).....
പ്ലീസ് ഹിയർ.....(ബഹളം).....പ്ലീസ് ഹിയർ.....(ബഹളം).....
പ്ലീസ് .....(ബഹളം)..... .....പ്ലീസ്, പ്ലീസ്.....(ബഹളം).....അങ്ങ്.....

ശ്രീ. എ. കെ. ആന്റണി : സർ, ...(ബഹളം).....

മി. സ്പീക്കർ : പ്ലീസ്.....ബഹളം.....പ്ലീസ്.....(ബഹളം).....

ശ്രീ. എ. കെ. ആന്റണി : സർ, ആർ.എസ്.പി(ബി).യുടെ .....
(ബഹളം).....രാഷ്ട്രീയ പ്രചാരണ ജാഥ തുടങ്ങിയ ദിവസം തന്നെ കുഴപ്പങ്ങൾ ആരംഭിച്ചതാണ്. ഇരുട്ടിയിൽ വച്ച് ആദ്യം പ്രശ്നങ്ങളുണ്ടായി. ഇരുട്ടി സംഭവത്തിനുശേഷം പോലീസ് കുറച്ചുകൂടി ജാഗ്രത പാലിച്ചിരുന്നുവെങ്കിൽ ഇന്നലെയെത്ത സംഭവം ഉണ്ടാകത്തില്ലായിരുന്നു. തന്നെയുമല്ല, ഈ അസംബ്ലിയ്ക്കകത്തു വച്ച്, ഈ അസംബ്ലി സമ്മേളനത്തിൽ വച്ച് തന്നെ തനിക്ക് ഭീഷണിയുണ്ട്, തന്റെ മേൽ ആക്രമണ ഭീഷണിയുണ്ടെന്ന് പ്രൊഫ. എ.വി. താമരാക്ഷൻ പറയുകയുണ്ടായി. മാത്രമല്ല, ബഹുമാനപ്പെട്ട സ്പീക്കർക്കുവരെ പ്രൊഫ. താമരാക്ഷൻ രേഖാമൂലം എഴുതി തന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ സഭയിലെ അംഗമായ പ്രൊഫസർ എ. വി. താമരാക്ഷൻ തന്റെ നേരെ കായികമായ ഭീഷണിയുണ്ടാകുന്നു എന്ന് രേഖാമൂലം എഴുതി കൊടുക്കുകയും ചെയ്തു. പ്രൊഫ. താമരാക്ഷനും ശ്രീ.ബാബുദിവാകരനും നയിക്കുന്ന ജാഥയെ ഇരുട്ടിയിൽ വച്ച് ആക്രമിച്ചു. ഇന്നലെ കൊല്ലത്തു വച്ച് ആക്രമിക്കുകയുണ്ടായി. ഈ സംസ്ഥാനത്ത് വളർന്നു വരുന്ന രാഷ്ട്രീയ ഫാസിസത്തിന്റെ ഏറ്റവും വലിയ ഒരു തെളിവാണ് ഇന്നലെയുണ്ടായത്. അതുമാത്രമല്ല പോലീസിന്റെ നിർവീര്യത.

LIBRARY ARCHIVES Kerala Legislative Assembly

മാർക്സിസ്റ്റുകാർ ആക്രമികളാകുമ്പോൾ, മാർക്സിസ്റ്റുകാർ പ്രതികളാകുമ്പോൾ പോലീസ് കാഴ്ചക്കാരായി, പോലീസ് നിർവീര്യരായി മാറുന്നതിന്റെ ഉദാഹരണമാണ് ഇന്നലെ ഉണ്ടായിട്ടുള്ളത്. ഈ സംഭവം ഇനി കേരളത്തിൽ ആവർത്തിക്കപ്പെട്ടാൻ പാടില്ല. മുഖം നോക്കാതെ ആക്രമകാരികൾക്കെതിരായി നടപടിയെടുക്കാൻ പോലീസ് തയ്യാറാകണം. ഇനിമുതലെങ്കിലും പ്രൊഫ. താമരാക്ഷനും ശ്രീ. ബാബുദിവാകരനും നയിക്കുന്ന ലോകത്തിലായ സംരക്ഷണമുണ്ടാകണം. ഇതുപോലെയുള്ള ആക്രമങ്ങൾ ആര് നടത്താൻ ശ്രമിച്ചാലും അവരുടെ സമാനം കർത്തവ്യബോധമുണ്ടായിരിക്കണം. അതിന് ശക്തമായ നടപടിയെടുക്കുവാൻ പോലീസ് തയ്യാറാകണം. അങ്ങനെ ഉറപ്പുനൽകുന്നതിനു പകരം അവസാനത്തെ മറുപടിയിൽ എന്തോ ഒരൈ വായിച്ചതിനുശേഷം മുഖ്യമന്ത്രിക്കുവേണ്ടി ശ്രീ. ടി. കെ. രാമകൃഷ്ണനെപ്പോലെയുള്ള ഒരു നേതാവ് നിരുത്തരവാദപരമായ മറുപടി പറഞ്ഞതിലുള്ള ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് ഞങ്ങൾ വാക്കൗട്ട് നടത്തുകയാണ്.

(ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട മറ്റ് അംഗങ്ങളും സഭയിൽ നിന്നും പുറത്തുപോയി)

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, അടിയന്തിര പ്രമേയത്തിന് മുഖ്യമന്ത്രിക്കുവേണ്ടി ശ്രീ.ടി.കെ. രാമകൃഷ്ണൻ മറുപടിപറഞ്ഞതിനുശേഷം ഇവിടെ പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ ശ്രീ. ജയരാജനും അതുപോലെ ശ്രീ. വി. വിശ്വനുമൊക്കെ പറഞ്ഞതുകേട്ടു, നിങ്ങൾ ഞങ്ങളുടെ വോട്ടു വാങ്ങിയാണ് അങ്ങോട്ടു പോയത്. നിങ്ങൾ ശ്രീ. നായനാരെ ആക്ഷേപിക്കുന്നു എന്ന്. ശ്രീ. നായനാരെ ആക്ഷേപിച്ചാലും നിങ്ങളുടെ വോട്ടു വാങ്ങി സത്യത്തിന്റെ പക്ഷത്തു നിന്നാലും നിങ്ങൾ കല്ലെറിഞ്ഞു കൊല്ലും എന്നാണെങ്കിൽ അത് നടക്കില്ല എന്ന് അറിയിക്കാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്. ഇത് ജനാധിപത്യപരമായ അവകാശമാണ്. ജനാധിപത്യപരമായ അവകാശം ഉപയോഗിക്കുന്ന സമയത്ത് ശ്രീ. ബാബുദിവാകരനും അല്ലെങ്കിൽ എ.വി. താമരാക്ഷനുമൊക്കെ ഒറ്റയ്ക്കാണെന്ന് നിങ്ങൾ വിചാരിക്കണ്ട. ജനാധിപത്യത്തെ സ്നേഹിക്കുന്ന ജനലക്ഷങ്ങൾ അവരുടെകൂടെ ഉണ്ടാകും എന്ന ബോധം നിങ്ങൾക്കു വേണം. നിങ്ങളോട് എതിർപ്പുള്ളതുകൊണ്ട് എറിഞ്ഞ് കൊല്ലാമെന്ന് നിങ്ങൾ വിചാരിക്കണ്ട എന്നാണ് എനിക്ക് പറയാനുള്ളത് അത് ഒരു സംഗതി. രണ്ടാമത്തെ സംഗതി, നിങ്ങൾ എതിർപ്പിനോട് എന്തിനാണ് ഇത്ര അസഹിഷ്ണുത കാണിക്കുന്നത് ? നിങ്ങളുടെ പോക്കുകിടപ്പുടെ പ്രായമുള്ള കുട്ടികൾ മിനിഞ്ഞാന്ന് സമരം ചെയ്തപ്പോൾ നിങ്ങളുടെ പോലീസ് ഒണ്ടാക്കട് ചെയ്ത് ജാമ്യം കൊടുക്കാൻ പാടില്ല എന്ന് പറഞ്ഞില്ലേ ? ഞങ്ങളൊക്കെ മന്ത്രിമാരായിരുന്ന സമയത്ത് വിദ്യാർത്ഥികൾ സമരം ചെയ്തിട്ടുണ്ട്. ഇന്ന് അവരെ നിങ്ങൾ ജയിലിലേയ്ക്കയച്ചു. ചെറിയ കുട്ടികളെ ജയിലിലേയ്ക്കയച്ച് പ്രതികാരം തീർത്തവരാണ് നിങ്ങൾ. നിങ്ങൾക്ക് അങ്ങനെ അസഹിഷ്ണുത

LIBRARY ARCHIVES Kerala Legislative Assembly

കുറെ കൂടുതലാണ്. മറ്റൊരു കാര്യം, ഇവിടെ ശ്രീ. ബാബുദിവാകരൻ സംസാരിക്കുന്ന സമയത്ത് അയാളുടെ നിഷ്കളങ്കത കൊണ്ട് ഒരു ചോദ്യം ചോദിച്ചു. എത്ര നിഷ്കളങ്കനാണ് അദ്ദേഹം. എന്താണ് ചോദിച്ചത് എന്നറിയാമോ ? ആറിഷ്ക്കാര സ്വാതന്ത്ര്യമില്ലേ സാർ ഈ രാജ്യത്ത് എന്നാണ്. ഇപ്പോഴും അദ്ദേഹം ചോദിക്കുന്നത് അങ്ങനെയാണ്. അങ്ങനെ ഒരു ബോധം നിങ്ങൾക്കുണ്ടോ ? ശ്രീ. എം. വി. രാഘവനോടുള്ള ദേഷ്യത്തിൽ പാപ്പിനിശ്ശേരി പാമ്പ് വളർത്തൽ കേന്ദ്രത്തിലെ മൂർഖൻ പാമ്പിനെവരെ തീയിട്ടു കൊന്നവരാണ് നിങ്ങൾ, നിങ്ങൾക്ക് എന്ത് ആറിഷ്ക്കരണ സ്വാതന്ത്ര്യമാണ് എന്ത് ജനാധിപത്യബോധമാണത്. പക്ഷെ ഒരു കാര്യം നിങ്ങൾ മനസ്സിലാക്കണം. ഇതൊരു പ്രബുദ്ധരാജ്യമാണ്. ജനാധിപത്യബോധമുള്ള രാജ്യമാണ്. ഈ പ്രബുദ്ധരും ജനാധിപത്യബോധരുമുള്ള രാജ്യത്ത് ഇത്തരം പേക്കൂത്തുകൾ അധികം നടത്താൻ നിങ്ങളെ സമ്മതിക്കില്ല. എന്ന കാര്യത്തിൽ നിങ്ങൾക്കു ബോധ്യമുണ്ടാകണം. ഇവിടെ ജനാധിപത്യപരമായ, പ്രതിഷേധങ്ങൾ വരുന്ന സമയത്ത് അതിനോട് അസഹിഷ്ണുത കാണിക്കുന്നത് ശരിയല്ല. ഒരു എം.എൽ.എ.യ്ക്കു നേരെ ആക്രമണമുണ്ടായിട്ട്, അദ്ദേഹം പ്രസംഗിച്ച ഒരു യോഗത്തിൽ ആക്രമമുണ്ടായിട്ട് നിങ്ങൾ എന്തിനാണ് ഇത്ര വലിയ ആവേശം കാണിക്കുന്നത് ? എവിടെയെങ്കിലും ഇങ്ങനെയൊരു സംഭവമുണ്ടായിട്ടുണ്ടോ ? ഏതു പക്ഷത്തുള്ളവരായിരുന്നാലും ശരി ഈ സഭയിൽ 4 കൊല്ലം ഒരുമിച്ചു ജീവിച്ചവരുടെ കൂട്ടത്തിലുള്ള ഒരു പ്രതിനിധിയെ കല്ലെറിഞ്ഞു കൊല്ലാൻ ശ്രമിച്ചപ്പോൾ, അതിനു പ്രമേയം കൊണ്ടു വന്നപ്പോൾ നിങ്ങൾ അസഹിഷ്ണുത കാണിക്കുന്നത് നിങ്ങൾക്കു കല്ലുപോലുള്ള മനസ്സാണെന്നതുകൊണ്ടാണ് എന്നാണ് ഞാൻ പറയുന്നത്. അതുകൊണ്ടാണ് നിങ്ങൾ ഇങ്ങനെ കാണിക്കുന്നത്. ഇവിടെ എല്ലാവർക്കും ജനാധിപത്യ സ്വാതന്ത്ര്യമുണ്ടാകണം. അതു നിഷേധിക്കാൻ ആരു ശ്രമിച്ചാലും അത് അംഗീകരിക്കാൻ പാടില്ല. ആർ.എസ്.പി (ബി) ക്ക് ജനാധിപത്യപരമായുള്ള കാര്യങ്ങൾ പറയാനുള്ള സ്വാതന്ത്ര്യമുണ്ട്. അതിനുനേരെ നിങ്ങൾ കാണിക്കുന്നത്, ഇവിടെ പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ പൊളിറ്റിക്കൽ ഹണ്ടമെന്റവിസമാണ്. പൊളിറ്റിക്കൽ ഹണ്ടമെന്റവിസത്തെ എതിർക്കാൻ ശ്രമിച്ചാൽ സാക്ഷര കേരളത്തിലെ എല്ലാ ജനാധിപത്യ വിശ്വാസികളും ഈ കാര്യത്തിൽ പ്രതിഷേധിക്കും. ഇക്കാര്യത്തിൽ ഗവൺമെന്റ് എടുത്തിട്ടുള്ള സമീപനം ഈ അനുഭവമുള്ള ആളുകളെ മുഴുവൻ പ്രതിക്കൂട്ടിൽ നിർത്തുന്ന വിധത്തിലാണ് ഇവിടെ മുഖ്യമന്ത്രിക്കുവേണ്ടി ശ്രീ. ടി. കെ. രാമകൃഷ്ണൻ മറുപടി പറഞ്ഞത്. ഇത്തരം കാര്യങ്ങളിൽ എന്താണ് ഫാസിസത്തിന്റെ ബീജങ്ങൾ വച്ചുപുലർത്തുന്ന ഒരു സമീപനമെടുക്കുന്നതിൽ പ്രതിഷേധിച്ചു കൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റ് അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: സർ, ശ്രീ. ബാബുദിവാകരന്റെയും പ്രൊഫ. എ.വി. താമരാക്ഷന്റെയും നേതൃത്വത്തിൽ ഇന്നലെ പെരുംപുഴയിൽ നടന്ന വാഹന പ്രചരണ ജാഥയ്ക്കുനേരെ ********* അഴിച്ചുവിട്ട ആക്രമണം അപലപനീയമാണ്. എന്താണ് ഭരണകക്ഷിയിലെ അംഗങ്ങൾ പറയുന്നത് ? അവരെ ആക്രമിക്കാൻ ഉണ്ടായ കാരണം പറയുന്നത്. അവർ മുഖ്യമന്ത്രിയെ വിമർശിച്ചു, ഗവൺമെന്റിനെ വിമർശിച്ചു എന്നാണ്. നമ്മുടെ സംസ്ഥാനത്ത് ഗവൺമെന്റിനെ വിമർശിക്കാൻ പാടില്ലേ ? ഭരണകക്ഷിയെ വിമർശിക്കാൻ പാടില്ലേ ? മുഖ്യമന്ത്രിയെ വിമർശിക്കാൻ പാടില്ലേ ? ഭരണകക്ഷിയെ വിമർശിച്ചാൽ നിങ്ങൾ അവരെ ആക്രമിക്കും എന്നു വന്നാൽ ഇവിടെ എങ്ങനെ ജീവിക്കും ? എത്രയോ വലിയ ജനാധിപത്യ ധ്വംസനമാണിത്. ശ്രീ. ബാബുദിവാകരന്റെ പ്രസംഗം കേട്ടപ്പോൾ ഞെട്ടിപ്പോയി. അവിടെ ആളുകൾ ഭയവിഹ്വലരായി കഴിയുന്നു. എതിരാളികളുടെ വീടുകൾ രാത്രികാലങ്ങളിൽ കയറിച്ചെന്ന് അവരെ ഭീക്ഷണിപ്പെടുത്തുന്നു. ഇത് എവിടത്തെ ജനാധിപത്യമാണെന്ന് ഞാൻ ചോദിക്കുകയാണ്. ഒരു കാര്യം ഞാൻ പറയട്ടെ. നിങ്ങൾ എതിരാളികളെ അമർച്ച ചെയ്യാമെന്ന് വിചാരിക്കുന്നുവെങ്കിൽ നിങ്ങൾ വിഡ്ഢികളുടെ സ്വർഗ്ഗത്തിലാണ്. ഇവിടെ സുചിന്തിച്ചതുപോലെ സി.എം.പി. നേതാവായ ശ്രീ. എം.വി.രാഘവൻ മാർക്സിസ്റ്റ് പാർട്ടിയിൽ നിന്നും രാജിവച്ച് പോയപ്പോൾ അദ്ദേഹത്തെ നിങ്ങൾ വിവിധ രീതിയിൽ പീഡിപ്പിക്കാൻ ശ്രമിച്ചു. ശ്രീ. എം. വി. രാഘവന് എതിരെ നിങ്ങൾ കൈണ്ണോങ്ങെറിഞ്ഞു. അദ്ദേഹത്തെ കൊലപ്പെടുത്താൻ ശ്രമിച്ചു. കൊല പാതകകുറ്റത്തിന് നിങ്ങൾ പ്രോസിക്യൂഷൻ വരെ നടത്തി. പക്ഷെ സി.എം.പി. പ്രസ്ഥാനം സർവൈവ് ചെയ്തില്ലേ ? ഇപ്പോൾ നിങ്ങൾ ശ്രീ. ബാബുദിവാകരനെയും പ്രൊഫ. എ. വി. താമരാക്ഷനെയും വകവരുത്തുവാൻവേണ്ടി ശ്രമിക്കുന്നു. പക്ഷെ ഒരു കാര്യം ഞാൻ പറയാം ഈ പ്രസ്ഥാനത്തിനെ വകവരുത്താൻ കഴിയില്ല. കേരളമാണ്. വിദ്യാസമ്പന്നരായ ആളുകളാണ് കേരളത്തിലുള്ളത്. വിദ്യാഭ്യാസ പ്രബുദ്ധതയുള്ള രാജ്യമാണ്. നിങ്ങൾ അക്രമം അഴിച്ചുവിട്ട് ചുടുകട്ടയും, കുരുവടിയും, ഇടികട്ടയുമായി രാഷ്ട്രീയ കക്ഷികളെ നേരിടാനാണ് ശ്രമിക്കുന്നതെങ്കിൽ കനത്ത തിരിച്ചടി നിങ്ങൾക്കെതിരെ ഉണ്ടാകുമെന്ന് ഞാൻ മുന്നറിയിപ്പ് നൽകുകയാണ്. അതുകൊണ്ട് ഹീനമായ ഈ നടപടി, മാർക്സിസ്റ്റ് പാർട്ടിയുടെ ഈ രാഷ്ട്രീയ വിലാസം രാഷ്ട്രീയ ഫാസിസം വച്ച് അവസാനിപ്പിക്കാതെ ഇവിടെ ജനാധിപത്യം പുലരുകയില്ല. അതുകൊണ്ട് ഇത്തരം ഹീനമായ നയങ്ങൾക്കെതിരെ, ഈ രാഷ്ട്രീയ ഫാസിസത്തിനെതിരെ, ഈ അസംബന്ധത്തിനെതിരെ, ഈ രാജ്യത്തെ ജനങ്ങൾ ഉർബുദ്ധരായി മുന്നോട്ടു നീങ്ങേണ്ട ഒരു സന്ദർഭമാണിത്. യാതൊരു സംശയവുമില്ല .....(ബഹളം).....ജനങ്ങൾ ഈ ഗവൺമെന്റിൽ അമർഷം കൊണ്ടിരിക്കുന്നു. നിങ്ങൾക്കെതിരെ വലിയൊരു മുന്നേറ്റം വളർന്നുവരികയാണ്. അതിനെ അടിച്ചമർത്താം എന്നുവിചാരിക്കേണ്ട. ഇന്ന് എന്താണ് ഈ നിയമസഭയിൽ കണ്ടത് ? പ്രതിപക്ഷ നേതാവിനു സംസാരിക്കാൻ അവകാശമില്ല. മെമ്പർമാർക്കും

******* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു (ഫ.നം. 810/eb/2000/lcg).

സംസാരിക്കാൻ അവകാശമില്ല.....(ബഹളം)..... ഞങ്ങൾ ഇവിടെ നിന്നും സംസാരിക്കുമ്പോൾ ഞങ്ങളെ കൂക്കുവിളിക്കുന്നു. ഞങ്ങളെ ഭൽസിക്കുന്നു; ഭീക്ഷണിപ്പെടുത്തുന്നു. ഇതെന്താണ് ? പാവനമായ ഈ നിയമസഭയുടെ ജനാധിപത്യ പാരമ്പര്യം എത്രമാത്രം ഉണ്ട് ? ഇവിടെ സംസാര സ്വാതന്ത്ര്യമില്ലേ ? എത്ര സമയം പ്രതിപക്ഷ നേതാവ് ഇവിടെ നിന്നു ? ഇത് മര്യാദയാണോ ? മാർക്സിസ്റ്റു പാർട്ടിയുടെ മര്യാദകെട്ട, കിരാതമായ നയത്തിന് ഗവൺമെന്റ് കൂട്ടു നിൽക്കുന്നു. ഗവൺമെന്റിന്റെ ഈ നയത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റ് അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

പ്രൊഫ. എ. വി. താമരാക്ഷൻ : സർ, രാഷ്ട്രീയമായി എതിർപ്പ് ഉണ്ടെങ്കിൽപ്പോലും ഞങ്ങൾ ബഹുമാനിക്കുന്ന നേതാവാണ് ശ്രീ. ടി. കെ. രാമകൃഷ്ണൻ. അദ്ദേഹത്തിൽനിന്നും ഇത്തരത്തിൽ ഒരു മറുപടിയുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിച്ചില്ല. വാദിയെ പ്രതിയാക്കുന്ന രീതിയിലാണ് അദ്ദേഹം മറുപടി പറഞ്ഞത്. എന്റേയും ശ്രീ. ബാബു ദിവാകരന്റേയും നേതൃത്വത്തിൽ 9-ാം തീയതിയാണ് കാസർകോട്ടുനിന്നും ജാഥ ആരംഭിച്ചത്. 10-ാം തീയതി രാത്രി 9 മണിക്ക് ഇരിട്ടിയിൽ എത്തി. 9.15-ന് ഞാൻ പ്രസംഗിച്ചിറങ്ങികഴിയുമ്പോൾ ശ്രീ. ബാബു ദിവാകരൻ എന്നോടൊപ്പം ഉണ്ടായിരുന്നില്ല. അപ്പോൾ ഒരു അൻപതിൽപ്പരം സി. പി. ഐ(എം) പ്രവർത്തകർ എന്നെ വളഞ്ഞു. .....(ബഹളം).....മുക്കാൽ മണിക്കൂറോളം പൂരപ്പാട്ടായിരുന്നു. ഞങ്ങൾ അങ്ങേയറ്റം സംയമനം പാലിച്ചു. ഒരക്ഷരം മിണ്ടിയില്ല. അപ്പോൾ എനിക്കുതോന്നി, മാനവീയവും നവകേരള സദസ്സും കണ്ണൂരിൽ ആവശ്യമാണെന്ന്, മാനവീയവും നവകേരള സദസ്സും കണ്ണൂരിൽ പ്രത്യേകമായി നടത്തേണ്ടതാണെന്ന് അപ്പോൾ എനിക്കുതോന്നി. ഭാഗ്യം കൊണ്ട് അവിടെനിന്നും രക്ഷപ്പെട്ടു. അന്നു രാത്രി തന്നെ ഞാൻ ഡി.ജി.പി.ക്ക് ഒരു കത്ത് കൊടുത്തു. ഞങ്ങളുടെ ജാഥ വരുന്നു. ഞങ്ങൾക്കു സംരക്ഷണമുണ്ടാകണമെന്ന് ആവശ്യപ്പെട്ടു. മുഖ്യമന്ത്രിക്കും കത്തുകൊടുത്തു. അതിനുശേഷം വലിയ കുഴപ്പമുണ്ടായില്ല. സി.പി.ഐ(എം)-ലെ എല്ലാ പ്രവർത്തകരും ആവിഷ്ക്കരണ സ്വാതന്ത്ര്യത്തിനെതിരാണെന്ന അഭിപ്രായം എനിക്കില്ല. അതിനുവേണ്ടി പോരാടിയ പ്രസ്ഥാനമാണ്. ഒരു സംശയവും ആ കാര്യത്തിലില്ല. നമ്മുടെ രാജ്യത്ത് ആവിഷ്കാര സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയ പ്രസ്ഥാനമാണ് സി.പി.ഐ.(എം) എന്നാൽ ചിലയാളുകൾ ബോധപൂർവ്വമായി എന്നേയും ശ്രീ. ബാബുദിവാകരനേയും വകവരുത്താനുള്ള ശ്രമങ്ങളാണ് ആരംഭിച്ചത്. ഞങ്ങൾക്ക് പോലീസിന്റെ പ്രൊട്ടക്ഷൻ ഉണ്ടായിരുന്നു. ഇന്നലെ ഞങ്ങൾ പെരുംപുഴയിൽ വന്ന സമയത്ത് പോലീസ് മാറിക്കളഞ്ഞു. ഒറ്റ പോലീസും ഉണ്ടായിരുന്നില്ല. അതിനുമുമ്പ് പോലീസ് മുന്നിലും പുറകിലുമുണ്ടായിരുന്നു. പെരുംപുഴ വന്നപ്പോൾ പോലീസ് ഉണ്ടായിരുന്നില്ല. ഞാൻ പ്രസംഗിക്കാൻ കയറി, പ്രസംഗം തുടങ്ങി. 19 മീറ്റർ അകലെ ഒരു സ്കൂളിൽ

LIBRARY ARCHIVES Kerala Legislative Assembly

സി.പി.ഐ. (എം)-ന്റെ പ്രവർത്തകർ കേന്ദ്രീകരിച്ചിരിക്കുകയായിരുന്നു. അവിടെനിന്ന് കല്ലേറ് വരികയാണ്. വലിയ കല്ലുകളാണ് എറിയുന്നത്. ഞാൻ പ്രസംഗിക്കുന്ന സ്റ്റേജിന്റെ മുകളിലും എന്റെ കാറിലുമൊക്കെ കല്ലുവീണ് വലിയ ഒച്ച കേട്ടു. ഈ കല്ലേറു വന്നപ്പോൾ യോഗത്തിനുവന്ന ഞങ്ങളുടെ സഖാക്കൾ ഓടി മാറുകയായിരുന്നു. ഞാൻ സ്റ്റേജിൽ നിന്ന് തിരിഞ്ഞ് നോക്കിയപ്പോൾ പുറകിൽ പത്തൊൻപതു പേർ ചാക്കിൽ കല്ലുമായിട്ടുവരുന്നു. മുൻനിരയിൽ നാലഞ്ചു പേർ ദണ്ഡുപോലുള്ള വടിയും കറക്കിക്കൊണ്ട് ഞങ്ങളുടെ അടുത്തേയ്ക്ക് വരികയാണ്. പത്തിരുപത്തഞ്ച് മീറ്റർ അടുത്തുവന്നു. ആ സമയത്ത് ശ്രീ. ബാബുദിവാകരൻ പോലീസിന് ടെലിഫോൺ ചെയ്യാൻ പോയി. ഞങ്ങൾ രണ്ടുപേർ മാത്രമായിരുന്നു സ്റ്റേജിലുണ്ടായിരുന്നത്. ഞങ്ങളെ വകവരുത്താനാണ് അവർ വന്നത്. ആ സമയത്ത് ഞങ്ങളെ സ്നേഹിക്കുന്ന പാർട്ടി സഖാക്കൾ ജീവൻ ബലികഴിച്ചുകൊണ്ടാണ് എറിഞ്ഞു വീണ കല്ലെടുത്തു അങ്ങോട്ടു തിരിച്ച് എറിഞ്ഞത്. അല്ലെങ്കിൽ ഞങ്ങളെ കൊല്ലുമായിരുന്നു. എന്നെ ഇന്നലെ അവർ കൊല്ലുമായിരുന്നു. ഒരു മണിക്കൂറോളം പോലീസ് മാറിനിന്നു. എന്റെയും ശ്രീ. ബാബുദിവാകരന്റെയും ജീവന് ഭീക്ഷണിയുണ്ടെന്ന് ഞാൻ അങ്ങേയ്ക്കു കത്തുതന്നു. അങ്ങ് അത് മുഖ്യമന്ത്രിക്ക് കൊടുത്തു. ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഞാൻ ഇന്ന് ഈ സഭയിൽ പറയുന്നു, നാളെ എന്റെയും ശ്രീ. ബാബുദിവാകരന്റെയും പാർട്ടി നേതാക്കളുടേയും ജീവന് നഷ്ടമുണ്ടായാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്വം ഈ ഗവൺമെന്റിനായിരിക്കും. അത്തരം ഒരു നിലയിലാണ് ഞങ്ങൾ എത്തിയത്. ഇവിടെ അഭിപ്രായ സ്വാതന്ത്ര്യമുണ്ട്. എന്റെ പാർട്ടിയുണ്ടായിട്ട് അറുപതിലേറെ വർഷങ്ങളായി. 1940-ൽ ബഹുമാനപ്പെട്ട സ്റ്റാലിൻ ജീവിച്ചിരുന്നപ്പോൾ സ്റ്റാലിനിസത്തോട് എതിർക്കാൻ തന്റേടം കാണിച്ച പ്രസ്ഥാനമാണിത്. രാഷ്ട്രീയ ഫാസിസത്തെ വർഗ്ഗീയ ഫാസിസം പോലെതന്നെ ചെറുക്കപ്പെടേണ്ടതാണ്. അക്രമത്തെ അക്രമംകൊണ്ട് നേരിടാൻ ആഗ്രഹിക്കുന്നില്ല. ഈ അക്രമരാഷ്ട്രീയത്തെ ഈ സംസ്ഥാനത്തിലെ ജനങ്ങൾ പൊറുക്കുകയില്ല, അംഗീകരിക്കുകയുമില്ല. ഈ അക്രമരാഷ്ട്രീയത്തിനെതിരായി യോജിക്കാൻ കഴിയുന്ന എല്ലാ പ്രസ്ഥാനങ്ങളോടും ഞാൻ യോജിക്കുന്നു. അപ്പുറത്തിരിക്കുന്ന സി.പി.ഐ. (എം) നോട് യോജിക്കുന്നു. നിങ്ങൾ ഈ അക്രമരാഷ്ട്രീയത്തെ അംഗീകരിക്കുന്നുണ്ടോ ? കോൺഗ്രസ് (എസ്) അംഗീകരിക്കുന്നുണ്ടോ ? ജനതാദൾ അംഗീകരിക്കുന്നുണ്ടോ ? ഈ അക്രമരാഷ്ട്രീയവും രാഷ്ട്രീയ ഫാസിസവും അവസാനിപ്പിക്കുന്നു. അഭിപ്രായ സ്വാതന്ത്ര്യം എല്ലാവർക്കും ഉണ്ടാകണം. ഈ അസഹിഷ്ണത പാടില്ല. അക്രമരാഷ്ട്രീയത്തിനെതിരായി ജനകീയ പ്രക്ഷോപമുണ്ടാക്കുന്നതിനുവേണ്ടി, ആയിരം പഞ്ചായത്തുകളിൽ എല്ലാവരെയും പങ്കെടുപ്പിച്ചുകൊണ്ട് ആയിരം കൺവെൻഷൻ യോഗങ്ങൾ വിളിച്ചുകൂട്ടാൻ, ഈ സംസ്ഥാനത്തെ രാഷ്ട്രീയ ഫാസിസം ഒറ്റപ്പെടുത്തുന്നതിനുള്ള പ്രവർത്തനവുമായി മുന്നോട്ടുപോകുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാനും എന്റെ പാർട്ടിയും ഈ വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(പ്രൊഫ. എ. വി. താമരാക്ഷനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭവിട്ട് പുറത്തുപോയി)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : സർ, ആർ.എസ്.പി.(ബി) രാഷ്ട്രീയ പ്രചരണ ജാഥ നടത്തുന്നുണ്ട് എന്നുള്ളത് സർക്കാരിനെ ഇവർ അറിയിച്ചിരുന്നതാണ്. സ്വാഭാവികമായും ആർ.എസ്.പി.(ബി) എടുത്ത ഒരു രാഷ്ട്രീയ നിലപാടിൽ ഭരണകക്ഷിയിലെ ആളുകൾക്ക് എതിർപ്പുണ്ട്. ആ എതിർപ്പു ഒരു ഭാഗത്ത് നിൽക്കവേ ഇങ്ങനെ ഒരു സമര പ്രചരണജാഥയോ അല്ലെങ്കിൽ വിശദീകരണജാഥയോ നടത്തുമ്പോൾ മതിയായ പോലീസ് സംരക്ഷണം കൊടുക്കുക എന്നുള്ളത് ഒരു ഗവൺമെന്റിന്റെ ചുമതലയാണ്. രണ്ട് എം.എൽ.എ. മാരാണ് അതിനു നേതൃത്വം കൊടുത്തത്. എം.എൽ.എ. ആരോ ആകട്ടെ. അപ്പുറത്തുള്ളവർ ആയാലും ഇപ്പുറത്തുള്ളവരായാലും, ജനപ്രതിനിധികൾ നേതൃത്വം കൊടുക്കുന്ന ഒരു ജാഥയ്ക്ക് രാഷ്ട്രീയ അഭിപ്രായവ്യത്യാസം നിലനിൽക്കുന്ന സാഹചര്യത്തിൽ ആവശ്യമായ പോലീസ് സംരക്ഷണം കൊടുക്കേണ്ടതല്ലേ ? ഇതിന്റെ മറ്റു രാഷ്ട്രീയകാര്യങ്ങളൊക്കെ അവിടെ നിൽക്കട്ടെ. ഇവിടെ രണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞുതിനെ ഞാൻ മുഖവിലയ്ക്കെടുക്കുകയാണ്. ഇവിടെ എം.എൽ.എ. മാർ പലപ്പോഴും വിശദീകരണം നടത്താറുണ്ട്. ഒരു എം.എൽ.എ. കളവുപറയുമെന്ന് എനിക്ക് വിശ്വാസമില്ല. പെരുംപുഴയിൽ ഈ ജാഥ എത്തിയ അവസരത്തിൽ മതിയായ പോലീസ് സംരക്ഷണമുണ്ടായിരുന്നില്ല. ബഹുമാനപ്പെട്ട ടി.കെ.രാമകൃഷ്ണനോട് ഞാൻ ചോദിക്കുകയാണ്, ശ്രീ. ടി.കെ.രാമകൃഷ്ണൻ ഇവിടെ എന്താണ് പറഞ്ഞത്. സി.പി.ഐ.(എം) പ്രവർത്തകന്റെ ദേഹത്ത് ആർ.എസ്.പി.(ബി) യുടെ പരിപാടിക്കുവന്ന വാഹനം ഉരസി. അതിനെതുടർന്നുണ്ടായ തർക്കമാണ് ഈ സംഭവത്തിൽ കലാശിച്ചത് എന്നാണ്. അത്രമാത്രം വിശ്വസിക്കാൻ പോന്ന വിഡ്ഢികളാണോ നമ്മളൊക്കെ. പെരുംപുഴ കഴിഞ്ഞ് അഞ്ചാലുംമൂട്ടിലും പ്രശ്നമാവർത്തിച്ചു. അങ്ങനെ ഒരു സാഹചര്യമുണ്ടായാൽതന്നെ പോലീസിന്റെ സാന്നിദ്ധ്യത്തിൽ അത് നിയന്ത്രിക്കേണ്ടതല്ലേ ? അതിനു നടപടിയെടുക്കണം, കേസെടുക്കണം. പാർട്ടി പ്രവർത്തകനല്ല ആരുടെ ദേഹത്താണെങ്കിലും വണ്ടി മുട്ടിയാൽ കേസെടുക്കണം. അല്ലെങ്കിൽ പോലീസ് ആവശ്യമായ സംരക്ഷണം കൊടുക്കണം. എങ്കിൽ പ്രശ്നം തീരുമായിരുന്നു. ഇത് സങ്കർഷത്തിലേയ്ക്കു പോയി. പിന്നെ ഇവർ രാജിവയ്ക്കുന്നതിനെക്കുറിച്ചൊക്കെ പറഞ്ഞു. അപ്പുറത്തിരിക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങളോട് ചോദിക്കാനുള്ളത് പണ്ട് സി.എച്ച്.മുഹമ്മദ്കോയ സർക്കാരിനെ താഴെ വീഴ്ത്തിയത് ശ്രീ. ലോനപ്പൻ നമ്പാടനെ കാലുമാറ്റിയിട്ടാണ്. ഒറ്റവോട്ടിനാണ്. ആ കഥ നിങ്ങൾ മറക്കണ്ട, അങ്ങനെയാണ് ഗവൺമെന്റിനെ മാറ്റിയത്. കാസ്റ്റിംഗ് മന്ത്രിസഭയായിരുന്നു. അങ്ങനെ കാലുമാറിയ എം.എൽ.എ.യ്ക്ക് വേണ്ട സൗകര്യം ചെയ്തു കൊടുത്തവരാണ് നിങ്ങൾ, രാഷ്ട്രീയ സദാചാരത്തെക്കുറിച്ച് നിങ്ങളാരും പ്രസംഗിക്കട്ടെ, എനിക്ക് ബഹുമാനപ്പെട്ട ജയരാജനെപ്പോലെ ഒച്ചവെയ്ക്കൽ സാധിക്കുകയില്ല. ഞാൻ ഒന്നു പറഞ്ഞോട്ടെ..... ശ്രീ.ജയരാജനോടുള്ള സ്നേഹം നിലനിർത്തികൊണ്ട് ഞാൻ പറയുകയാണ്, ഇവിടെ ഈ വിഷയം വന്ന സമയംമുതൽ എന്തിനാണ് ശ്രീ.ജയരാജൻ കിടന്നു തുള്ളുന്നത് ? ആലപ്പുഴ ജില്ലയിലേയും, കൊല്ലം ജില്ലയിലെയും, തിരുവനന്തപുരം ജില്ലയിലെയും അംഗങ്ങൾ ഇത്രമാത്രം വികാരം പ്രകടിപ്പിച്ചിട്ടില്ല.ശ്രീ. ജയരാജാ, കണ്ണൂരിലെ

രാഷ്ട്രീയ ഏർപ്പാടുണ്ടല്ലോ. കൊലപാതക രാഷ്ട്രീയം അത് നമുക്കു വേണ്ട നിങ്ങൾ കണ്ണൂരിൽ കാണിക്കുന്ന അസഹിഷ്ണുതയാണ് ഇവിടെയും പ്രകടിപ്പിക്കുന്നത്. ഞാൻ പ്രത്യേകം ശ്രദ്ധിച്ചു. ആറന്മുളയിലെയും, കൊല്ലത്തെയും, തിരുവനന്തപുരത്തെയും അംഗങ്ങളാരും ഈ പ്രസംഗങ്ങൾ തടസ്സപ്പെടുത്തത്തക്ക വിധത്തിൽ സജീവമായില്ല. അപ്പോൾ ശ്രീ. ജയരാജൻ ഇത്രയും സജീവമാകുന്നത്. കണ്ണൂരിലെ രാഷ്ട്രീയ പശ്ചാത്തലം അദ്ദേഹത്തിന്റെ മനസ്സിൽ നിൽക്കുന്നതുകൊണ്ടാണ്. ഇവിടെ നടന്നിട്ടുള്ള അവിശ്വസനീയമായ രാഷ്ട്രീയ കൊലപാതകങ്ങൾ കൂടുതലും നടന്നത് കണ്ണൂരിലാണ്. നമുക്ക് രാഷ്ട്രീയ കൊലപാതക പരമ്പര വേണ്ട. അത് നമ്മുടെ രാജ്യത്ത് വേണ്ട. നമുക്ക് രാഷ്ട്രീയ അഭിപ്രായങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും പറയാം. ഗവൺമെന്റിനെ വിമർശിക്കാം. ശ്രീ. ഇ. കെ. നായനാരെ വിമർശിക്കാം. ശ്രീ. വി. കെ. രാമകൃഷ്ണനെ വിമർശിക്കാം. ശ്രീ. പി. ജെ. ജോസഫിനെ വിമർശിക്കാം. ആരെയും വിമർശിക്കാം. ഞങ്ങളെ നിങ്ങളും വിമർശിച്ചോ. ഒരു കുഴപ്പവുമില്ല. രാഷ്ട്രീയ അഭിപ്രായ സ്വാതന്ത്ര്യവും വിമർശന സ്വാതന്ത്ര്യവും ജനാധിപത്യത്തിൽ നിങ്ങൾ അംഗീകരിക്കുന്നില്ലെങ്കിൽ നിങ്ങൾ രാഷ്ട്രീയ ഫാസിസത്തിന്റെ ഏറ്റവും വലിയ വക്താക്കളായി മാറുകയാണ്. അതാണ് ഇവിടെ കാണാൻ കഴിഞ്ഞത്. ഈ അക്രമത്തിൽ പോലീസ് നിർവികാരമായി നോക്കിനിന്നു. അതു ശരിയല്ല. സി.പി.ഐ(എം).ന് ഒരു നയം ബാക്കിയുള്ള കക്ഷികൾക്കെല്ലാം വേറൊരു നയം. കൊല്ലം ജില്ലയിലെ പോലീസ് സി.പി.ഐക്കാരെ തല്ലിയതും സി.പി.ഐ.ക്കാരെ തല്ലാൻ ചെന്നത് നോക്കിനിന്നതും ഒക്കെ നമുക്കറിയാം. അതുവച്ച് നോക്കുമ്പോൾ ഇവിടെയും അത് സംഭവിച്ചിരിക്കുന്നു. പോലീസിന്റെ രാഷ്ട്രീയപരമായ ഈ നീക്കം, പോലീസിനെ രാഷ്ട്രീയ വൽക്കരിച്ച് ഈ നീക്കം, പോലീസിന്റെ പക്ഷപാതപരമായ ഈ നീക്കം, ഇതിനൊക്കെ നടപടി സ്വീകരിക്കാൻ വൈമനസ്യം കാണിച്ച ഈ ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങളും വാക്കൗട്ടിൽ പങ്കെടുക്കുകയാണ്

(ശ്രീ. ടി. എം. ജേക്കബും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭവിട്ട് പുറത്തുപോയി. അല്പ സമയത്തിനുള്ളിൽ പ്രതിപക്ഷാംഗങ്ങൾ സഭയിൽ വീണ്ടും ഹാജരായി)

മി. സ്പീക്കർ : റൂൾ-62, കാര്യ വിവരപ്പട്ടികയിലെ ഐറ്റം നമ്പർ 2, ശ്രീ. സി. മൊയീൻകുട്ടി.....

പ്രതിപക്ഷ നേതാവ് (ശ്രീ. എ. കെ. ആന്റണി) : സർ, കഴിഞ്ഞ മൂന്നു ദിവസമായി ഞങ്ങൾ ഉന്നയിച്ച പ്ലസ്ടു പ്രശ്നത്തെ സംബന്ധിച്ച് ഇന്നെങ്കിലും ഗവൺമെന്റിന്റെ നിലപാടിൽ എന്തെങ്കിലും മാറ്റം ഉണ്ടോയെന്ന് അറിഞ്ഞാൽ കൊള്ളാം. ഇന്നെങ്കിലും എന്തെങ്കിലും മാറ്റം ഉണ്ടോ ?

മി. സ്പീക്കർ : ശ്രീ. ടി. കെ. രാമകൃഷ്ണൻ.... മുഖ്യമന്ത്രിക്കുവേണ്ടി ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി.

LIBRARY ARCHIVES Kerala Legislative Assembly

(ശ്രീ. ടി. കെ. രാമകൃഷ്ണൻ) : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉന്നയിച്ച സംഗതിയോട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ പറഞ്ഞതിൽ കൂടുതൽ ഒന്നും പറയുവാനില്ല.....(ബഹളം).....

മി. സ്പീക്കർ : പ്ലീസ്.....പ്ലീസ്....

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം മുഴക്കിക്കൊണ്ട് സഭയുടെ നടുത്തളത്തിലിറങ്ങി തുടർന്നുള്ള നടപടികൾ തടസ്സപ്പെടുത്തത്തക്കവിധത്തിൽ 'അഴിമതിയാണേ അഴിമതിയാണേ പ്ലസ് ടു മുഴുവൻ അഴിമതിയാണേ 'യു.ഡി.എഫ്. സിന്ദാബാദ്' തുടങ്ങിയ മുദ്രാവാക്യങ്ങൾ വിളിച്ചുകൊണ്ടിരുന്നു.....(ബഹളം).....)

യേസ്..... യേസ്..... പ്ലീസ് ഹിയർ, പ്ലീസ് ഹിയർ.....ഐറ്റം നമ്പർ 3 ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ്.

III റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മൂന്നാമതു റിപ്പോർട്ട്

ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ മൂന്നാമതായി റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു..... (ബഹളം)..... ഐറ്റം നമ്പർ IV.

IV ധനകാര്യം

2000-2001 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൽ മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XXVII - സഹകരണം

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സഹകരണം എന്ന XXVII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2000-2001 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.....(ബഹളം).....

സഭയുടെ വോട്ടിനുവേണ്ടി സമർപ്പിക്കുന്ന ധനാഭ്യർത്ഥനകളുടെ ലിസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly